**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1451** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ പോക്കുവരവ് അപേക്ഷയിന്മേൽ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ ഭൂമിക്ക് പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിന് നൽകുന്ന അപേക്ഷ എത്രനാൾ കൊണ്ടാണ് തീർപ്പ കല്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സേവനാവകാശ നിയമം പ്രകാരം നിയമതടസ്സമോ സാങ്കേതിക തടസ്സമോ ഇല്ലാത്ത സബ് ഡിവിഷൻ ഉള്ള പോക്കുവരവ് കേസുകൾക്ക് 40 ദിവസം സമയപരിധിയുണ്ട്. എന്നിരുന്നാലും വ്യക്തമായ അതിർത്തി, തർക്കരഹിതമായ കൈവശം എന്നിവയുള്ള സബ് ഡിവിഷൻ ഇല്ലാത്ത പോക്കുവരവ് കേസുകളിൽ അന്നേ ദിവസം തന്നെ പോക്കുവരവ് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | കാട്ടാക്കട തഹസിൽദാർ മുമ്പാകെ ഇത് സംബന്ധിച്ച അപേക്ഷയുടെ 8624/G1/2019 നമ്പർ ഫയൽ നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2019-ൽ നൽകിയ അപേക്ഷയിൽ നാളിതുവരെ തഹസിൽദാർ ലാൻഡ് അക്വിസിഷൻ നടപടി സ്വീകരിക്കാത്തതെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫയലിൽ പോക്കുവരവുമായി ബന്ധപ്പെട്ട നടപടികളാണ് സ്വീകരിച്ചുവരുന്നത്. അവകാശ തർക്കം, അതിർത്തി തർക്കം എന്നിവ ഉള്ളതിനാൽ നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലാണ് പോക്കുവരവ് നടപടികളിൽ കാലതാമസം നേരിടുന്നത്. |
| (സി) | പ്രസ്തുത അപേക്ഷയിൽ നടപടി സ്വീകരിക്കാത്തതിനെ തുടർന്ന് 86 വയസുള്ള അപേക്ഷകൻ ലോകായുക്തയെ സമീപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | അനാവശ്യ തടസ്സവാദം പറഞ്ഞു അർഹതപ്പെട്ട സേവനം നിഷേധിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; താലൂക്ക് ഓഫീസുകളിൽ നടക്കുന്ന ഇത്തരം നടപടികൾ സംബന്ധിച്ച് റവന്യൂ വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | അവകാശ തർക്കം, അതിർത്തി തർക്കം എന്നിവ ഉള്ളതിനാലും നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ.എസ് 544/2020 നമ്പർ കേസ്സ് നിലനിൽക്കുന്നതിനാലുമാണ് പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത്. |

സെക്ഷൻ ഓഫീസർ